ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നുണ്ട്.

പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ പ്രകാരം കേരളത്തിനവകാശപ്പെട്ട കെട്ടിടങ്ങളും സ്ഥലവും കൈമാറാതിരിക്കുക, കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പോലെ കേരള ഷോളയാർ റിസർവോയറിലെ ജലനിരപ്പ് നിശ്ചിത തീയതികളിൽ നിശ്ചിത ലെവലിൽ നിലനിർത്താതിരിക്കുക, അലിയാർ തിരുമൂർത്തി ഡാമുകളുടെ താഴ്ഭാഗത്ത് അനധികൃത മിനി ഹൈഡ്യുത പദ്ധതികളുടെ നിർമ്മാണം, കേരളത്തിന്റെ അനുവാദം ആരായാതെ കോണ്ടൂർ കനാലിൽ അറ്റകുറ്റപ്പണി നടത്തുക തുടങ്ങിയ കരാർ ലംഘനങ്ങൾ തമിഴ്നാട് നടത്തി വരുന്നു. ഈ പ്രവർത്തനങ്ങൾ ഒന്നും കരാർ ലംഘനങ്ങളായി തമിഴ്നാട് അംഗീകരിച്ചിട്ടില്ല.

(ബി) ഈ കരാർ ലംഘനങ്ങളെക്കുറിച്ച് സർക്കാർ തമിഴ്നാട് സർക്കാരിനെ യഥാസമയം അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവ കരാർ ലംഘനങ്ങളല്ല എന്നാണ് തമിഴ്നാട് അഭിപ്രായപ്പെട്ടത്. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ സംബന്ധിച്ച് രൂപീകരിച്ച സാങ്കേതിക സമിതി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ മന്ത്രിതലത്തിൽ ചർച്ചകൾ നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

(സി&ഡി) കരാർ വ്യവസ്ഥകൾ ലംഘിച്ചാൽ ആർബിട്രേഷനു പോകാമെന്ന് കരാറിൽ വ്യവസ്ഥയുണ്ട്. പുനരവലോകന ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കാമെന്ന് പ്രതീക്ഷിക്കുന്നതിനാൽ സർക്കാർ കോടതിയെ സമീപിച്ചിട്ടില്ല.

ക്ലീൻ കേരള പദ്ധതിയിലെ ജനപങ്കാളിത്തം

60 (3812) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലീൻ കേരള പദ്ധതിയിൽ ജനപങ്കാളിത്തം ഉദ്ദേശിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതുവിധത്തിലാണ് ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നത് ; ഈ പദ്ധതിയുമായി സഹകരിക്കുന്നവർ എന്തെല്ലാം സേവനങ്ങളാണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) ക്ലീൻ കേരള പദ്ധതിയുടെ പ്രധാനഘടകമായ ബോധവൽക്കരണം പൊതുജന പങ്കാളിത്തത്തോടെയാണ് നടത്തുന്നത്. മാലിന്യങ്ങൾ അലക്ഷ്യമായി നിക്ഷേപിക്കുന്നതിനേയും, ശുചീകരണ പ്രവർത്തനങ്ങളേയും സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly

ബോധവൽക്കരണ ക്ലാസ്സുകൾ വാർഡുകൾതോറും നടത്തിവരുന്നു. എല്ലാ വിഭാഗം ജനങ്ങളുടെയും പിൻതുണ ഉറപ്പുവരുത്തുന്നതിനായി വ്യാപകമായ പ്രചരണ പരിപാടികൾ നടത്തുന്നുണ്ട്. ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് പൊതുജനങ്ങളിൽ നിന്നും, സാംസ്ക്കാരിക സാമൂഹ്യ സംഘടനകളിൽ നിന്നും ഏതു തരത്തിലുള്ള സഹകരണവും സ്വീകരിക്കുന്നതാണ്. ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി നഗരസഭകൾ നടപ്പാക്കിവരുന്ന ശുചീകരണ പരിപാടികളിൽ പങ്കെടുത്ത് മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ സഹായ സഹകരണങ്ങൾ സന്നദ്ധ സംഘടനകൾക്ക് ചെയ്തു കൊടുക്കാവുന്നതാണ്. പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് വാർഡ് കൗൺസിലർ, സന്നദ്ധ സംഘടന, കുടുംബശ്രീ പ്രവർത്തകർ, റസിഡൻഷ്യൽ അസോസിയേഷൻ എന്നിവരെ ഉൾപ്പെടുത്തി വീടുകൾതോറുമുള്ള പ്രചരണ പരിപാടികൾ ആരംഭിച്ചു കഴിഞ്ഞു.

ഖരമാലിന്യ പ്ലാന്റുകൾ

61 (3813) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീമതി മെഴ്സി രവി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലീൻ കേരള പദ്ധതി ഇപ്പോൾ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിവരുന്നു ; ഈ പദ്ധതിപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ;

(ബി) ക്ലീൻ കേരള പദ്ധതി നടപ്പാക്കിയ സ്ഥലങ്ങളിൽ ഖരമാലിന്യങ്ങൾ ഏതുവിധത്തിലാണ് സംസ്ക്കരിക്കുന്നത് ;

(സി) അതിനുവേണ്ടിയുള്ള പ്ലാന്റുകൾ എത്ര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചു ?

ഉത്തരം

(എ) ക്ലീൻ കേരള പദ്ധതി എല്ലാ നഗരഗഭാ സ്ഥാപനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട 25 പഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്നു. കൂടാതെ നഗരസഭയിലും ഗ്രാമപഞ്ചായത്തുകളിലും നാഷണൽഹൈവേയുടെ പ്രധാന ടൗണുകൾ ഉൾപ്പെടുന്ന വാർഡുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഖരമാലിന്യങ്ങൾ ഏറോബിക് കംമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, സാനിറ്ററി ലാന്റ് ഫില്ലിംഗ് എന്നീ രീതികളിൽ സംസ്ക്കരിക്കുന്നു. ചില നഗരങ്ങളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് മുഖേന മാലിന്യങ്ങൾ സംസ്ക്കരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly